മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അനുവദിക്കുന്നതിന് നടപടി

55 (1781) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വകുപ്പ് മന്ത്രിയുടെ ഓഫീസിൽനിന്നും 4-6-2010-ൽ വി.ഐ.പി. ഫയൽ നമ്പർ 3284/10 ആയി ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നൽകിയിട്ടുള്ള ശുപാർശ കത്തിന്മേൽ നാളിതുവരെയായി എന്തുനടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) പത്തനംതിട്ട ജില്ലയിലെ തട്ടയിൽ എൻ.എസ്.എസ്. ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപിക ഡോ. ടി. മിനിയുടെ ചികിത്സയ്ക്ക് ചെലവാക്കിയ തുകയുടെ ബില്ലുകൾ സമർപ്പിക്കുവാനുണ്ടായ കാലതാമസം ഇളവ് ചെയ്തു തരുന്നതിനും ചെലവാക്കിയ തുക റീ-ഇംബേഴ്സ് ചെയ്യുന്നതിനുമുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ?

ഉത്തരം

(എ) ചികിത്സാ ചെലവുകൾ അനുവദിക്കുന്നത് പരിശോധിക്കുന്നതിലേക്ക് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റിനുള്ള അപേക്ഷ ബന്ധപ്പെട്ട രേഖകളുടെ അസ്സൽ സഹിതം ബന്ധപ്പെട്ട മേലധികാരി മുഖാന്തിരം ആരോഗ്യ കുടും ബക്ഷേമവകുപ്പിൽ ലഭ്യമാക്കുവാൻ അപേക്ഷകയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) അപേക്ഷ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിച്ച് തീരുമാനം എടുക്കുന്നതാണ്.

പേരൂർക്കട മാനസിക രോഗാശുപത്രി മികവിന്റെ കേന്ദ്രമാക്കാനുള്ള നടപടി

56 (1782) ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. വർക്കല കഹാർ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം പേരൂർക്കടയിലെ മാനസിക രോഗാശുപത്രി മികവിന്റെ കേന്ദ്രമാക്കുന്നത് സംബന്ധിച്ച് ഇതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ ആശുപത്രിയുടെ വികസനം പന്ത്രണ്ടാം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുമെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly